# ചരിത്രജാലകം തുറന്ന് മുസിരിസ് പദ്ധതിക്ക് തുടക്കം

കെ ടി ശശി

കൊടുങ്ങല്ലൂർ: മണ്ണിൽ പുതഞ്ഞുകിടന്ന ഒരു മൺപാത്രച്ചീളിലൂടെ, പഴയ നാണയത്തുട്ടിലൂടെ, പൗരാണികത നിറഞ്ഞുനിൽക്കുന്ന കെട്ടിടാവശിഷ്ടങ്ങളിലൂടെ നാടിന്റെ സഹസ്രാബ്ദങ്ങൾ നീണ്ട ചരിത്രത്തിലേക്കും സാംസ്കാരിക വൈവിധ്യത്തിലേക്കും സഞ്ചരിക്കാനാവുക- എത്ര ആഹ്ലാദകരമായ അനുഭവമാകും. ജനസമൂഹത്തിന്റെ അനസ്യൂതമായ വികാസപരിണാമങ്ങളിലേക്ക്, സാംസ്കാരികവും ഭാഷാപരവുമായ കൊള്ളക്കൊടുക്കലുകളിലേക്ക്...

തികച്ചും കാൽപ്പനികവും അനിർവചനീയവുമായ ഈ യാത്രയിലേക്കാണ് 'മുസിരിസ്' പൈതൃക പദ്ധതിയിലൂടെ സംസ്ഥാന ടൂറിസം വകുപ്പ് നമ്മെ നയിക്കുന്നത്. എണ്ണമറ്റ ജനപഥങ്ങൾ, അവരുടെ നാഗരിക ജീവിതവ്യവഹാരങ്ങൾ, വ്യാപാരബന്ധങ്ങൾ, അധികാര വ്യവസ്ഥകൾ, പടയോട്ടങ്ങൾ, സാമ്രാജ്യങ്ങളുടെ ഉദയാസ്തമയങ്ങൾ, വൈദേശികമതങ്ങളുടെയും സംസ്കാരങ്ങളുടെയും ആഗമനം, കൊളോണിയൽ അധിനിവേശങ്ങൾ- കേരളത്തിന്റെ രണ്ടായിരം വർഷത്തെ ഉജ്വലമായ ചരിത്രം ഇവിടെ പുനഃസൃഷ്ടിക്കപ്പെടുന്നു. ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയ പൈതൃക സംരക്ഷണപദ്ധതിയായി മാറിയേക്കാവുന്ന 'മുസിരിസി'ന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ശനിയാഴ്ച കൊടുങ്ങല്ലൂരിലെ കെകെടിഎം കോളേജിൽ തുടക്കമായി. ചരിത്രകാരന്മാരും വിവിധ തുറകളിലെ വിദഗ്ധരും ജനപ്രതിനിധികളും പങ്കെടുത്ത ചടങ്ങിൽ ധനമന്ത്രി തോമസ് ഐസക് ഉദ്ഘാടനം നിർവഹിച്ചു. മന്ത്രി കെ പി രാജേന്ദ്രൻ അധ്യക്ഷനായി. വി ഡി സതീശൻ എംഎൽഎ വെബ് സൈറ്റ് ഉദ്ഘാടനം ചെയ്തു. മന്ത്രി എസ് ശർമ, കെ പി ധനപാലൻ എംപി, കെടിഡിസി ചെയർമാൻ ചെറിയാൻ ഫിലിപ്പ്, കൊടുങ്ങല്ലൂർ നഗരസഭാ ചെയർമാൻ പി ഡി വിശ്വംഭരൻ, പറവൂർ നഗരസഭാ ചെയർമാൻ എൻ എ അലി എന്നിവർ സംസാരിച്ചു. പ്രോജക്ട് കൺസൾട്ടന്റ് ബെന്നി കുര്യാക്കോസ്, ടൂറിസം ഡയറക്ടർ എം ശിവശങ്കർ എന്നിവർ പദ്ധതി വിശദീകരിച്ചു. ടൂറിസം വകുപ്പ് സെക്രട്ടറി ഡോ. വി വേണു നന്ദി പറഞ്ഞു. പൗരാണിക മുസിരിസ് പട്ടണത്തിന്റെ പരിധിയിൽ വരുന്ന കൊടുങ്ങല്ലൂർ, പറവൂർ നഗരസഭകളും ചേന്ദമംഗലം, ചിറ്റാറ്റുകര, വടക്കേക്കര, പള്ളിപ്പുറം, അഴീക്കോട്, മേത്തല, മതിലകം പഞ്ചായത്തുകളും കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. പ്രദേശത്തെ ചരിത്രസ്മാരകങ്ങളും കേരള ചരിത്രഗവേഷണ കൗൺസിലിന്റെയും ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെയും നേതൃത്വത്തിൽ നടന്ന പട്ടണം ഉദ്ഖനനത്തിലൂടെ ശേഖരിച്ച അമൂല്യമായ ചരിത്രശേഷിപ്പുകളും സംരക്ഷിച്ച് സഞ്ചാരികൾക്കും വരും തലമുറകൾക്കും പരിചയപ്പെടുത്തുകയാണ് ഈ സ്വപ്നപദ്ധതിയുടെ കാതൽ.

ഉദ്ഘാടനത്തിനുശേഷം ജനപ്രതിനിധികളും അതത് മേഖലയിലെ വിദഗ്ധരും പങ്കെടുത്ത ചർച്ചകൾ ആരംഭിച്ചു. ഞായറാഴ്ച വൈകിട്ടോടെ പദ്ധതിയുടെ മാസ്റ്റർ പ്ലാനിന് അന്തിമരൂപമാവും. ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ മറ്റു വിവിധ വകുപ്പുകളും ഏജൻസികളും തദ്ദേശഭരണ സ്ഥാപനങ്ങളും സംയോജിതമായാണ് പദ്ധതി യാഥാർഥ്യമാക്കുന്നത്.



മുസിരിസ് ഒന്നാംഘട്ട പ്രവൃത്തി ഉദ്ഘാടനം മന്ത്രി തോമസ് ഐസക് നിർവഹിക്കുന്നു. മന്ത്രി കെ പി രാജേന്ദ്രൻ, വി ഡി സതീശൻ എംഎൽഎ, കെടിഡിസി ചെയർമാൻ ചെറിയാൻ ഫിലിപ്പ് എന്നിവർ സമീപം.

3 മ്യൂസിയം ഡിസംബറിൽ

# മുസിരിസ് പദ്ധതി അടുത്തവർഷം യാഥാർഥ്യമാവും: ഐസക്

പ്രത്യേക ലേഖകൻ

കൊടുങ്ങല്ലൂർ: ഇന്ത്യയിലെ മെഗാ ടൂറിസം പ്രോജക്ടാണ് 'മുസിരിസ്' പൈതൃക പദ്ധതിയെന്ന് ധനമന്ത്രി ടി എം തോമസ് ഐസക് പറഞ്ഞു. 100 കോടി രൂപയുടെ ബൃഹദ് പദ്ധതിയാണിത്. 75 കോടി രൂപ കേന്ദ്രസർക്കാരിൽനിന്ന് പ്രതീക്ഷിക്കുന്നു. ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പദ്ധതിയുടെ ആദ്യഘട്ടം 2010 ഡിസംബറിൽ യാഥാർഥ്യമാകും. മൂന്നു മ്യൂസിയം ഈ വർഷം ഡിസംബറിൽത്തന്നെ ഉദ്ഘാടനം ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

മുസിരിസ് പൈതൃക പദ്ധതി ആദ്യഘട്ട പ്രവർത്തനം കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോളേജ് അങ്കണത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പ്രധാനമായും പൈതൃകസംരക്ഷണ പദ്ധതിയാണിത്. ചരിത്രമെന്നത് ഭൂതകാലത്തിന്റെ ജഡരേഖയല്ല. ഇന്നിന്റെ ചേതനയും വേരുകളുമാണ്. കേരളചരിത്രത്തിലൂടെയുള്ള നടത്തമാണ് മുസിരിസ് പദ്ധതിയിലൂടെ സാധ്യമാകുന്നത്. ഈ പൈതൃകത്തെ ടൂറിസം ഉൽപ്പന്നമാക്കി മാറ്റുകയാണ് ലക്ഷ്യം. കേരളത്തിലെ ഏറ്റവും വലിയ അനൗപചാരിക ചരിത്ര വിദ്യാഭ്യാസ പദ്ധതിയായും ഇതിനെ മാറ്റും. ചരിത്രപഠനത്തിനും വ്യാഖ്യാനങ്ങൾക്കും വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തും. ഇതിന് കെകെടിഎം കോളേജിൽ പിജി ഡിപ്പാർട്മെന്റുകളും പ്രത്യേക ചെയറുകളും ആരംഭിക്കും.

വിവിധ സർക്കാർവകുപ്പുകളുടെയും ഏജൻസികളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സംയോജിത പദ്ധതിയായാണ് പദ്ധതി നടപ്പാക്കുക. തദ്ദേശസ്ഥാപനങ്ങളുടെ സഹായത്തോടെ വിപുലമായ ജനകീയപങ്കാളിത്തം ഉറപ്പുവരുത്തും. പ്രാദേശിക സമ്പദ്ഘടനയ്ക്ക് ശക്തിപകരുക പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഹോംസ്റ്റേ തുടങ്ങിയ മാർഗങ്ങളിലൂടെ തദ്ദേശീയരുടെ വരുമാനം വർധിപ്പിക്കാനും നടപടിയുണ്ടാകും. പൂർണമായും 'ഗ്രീൻ' പദ്ധതിയായിരിക്കും മുസിരിസ്.

ചേന്ദമംഗലം, പാലിയം, കോട്ടപ്പുറം മ്യൂസിയങ്ങളാണ് ഡിസംബറിൽ ഉദ്ഘാടനം ചെയ്യുക. മൊത്തം ഇരുപതോളം മ്യൂസിയങ്ങളും 15 സർക്യൂട്ടുകളുമാണ് പദ്ധതിയിലുള്ളത്. പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് സ്പെഷ്യൽ ഓഫീസറെ ഉടൻ നിയമിക്കും. പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള കേന്ദ്ര പദ്ധതി പ്രകാരം പഞ്ചായത്തുകൾക്ക് 70 ലക്ഷം രൂപ വീതം ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു. ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ മുസിരിസ് പദ്ധതിയുടെ ചുമതലക്കാർതന്നെ തയ്യാറാക്കി നൽകും.

ടൂറിസം വകുപ്പ് ഇതുവരെ ഏറ്റെടുത്തതിൽ ഏറ്റവും ബൃഹത്തും ശ്രമകരവുമായ പദ്ധതിയാണിതെന്ന് ടൂറിസം സെക്രട്ടറി ഡോ. വി വേണു പറഞ്ഞു.